


# റെയിൽവേസ്റ്റേഷനുകളിലെ സംപൂർണ്ണ മാനേജ്മെന്റ്



എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

ഇന്ത്യൻ റെയിൽവേയുമായി ചേർന്ന് കൊണ്ട് വിവിധ റെയിൽവേ സ്റ്റേഷനുകളിൽ കുടുംബശ്രീ വനിതകൾ പാർക്കിങ് നിയന്ത്രിക്കുന്നതിനെക്കുറിച്ച് Making an Impact 37ലും റെയിൽവേ വെയിറ്റിങ് ഹാളുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനെക്കുറിച്ച് ങമസശിഴ മി കാുമരേ 153ലും വിശദമാക്കിയിരുന്നല്ലോ. ഇത്തരത്തിൽ 52 റെയിൽവേ സ്റ്റേഷനുകളിലായി 400ഓളം അയൽക്കൂട്ട വനിതകൾക്കാണ് സേവന മേഖലയിൽ തൊഴിൽ ലഭ്യമാക്കാൻ ഞങ്ങൾക്ക് സാധിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുമ്പോൾ മറ്റൊരു പുതിയ സംയോജന മാതൃക കുടുംബശ്രീയും റെയിൽവേയുമായി ചേർന്ന് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിത്തുടങ്ങിയിരിക്കുകയാണ്.

റെയിൽവേ സ്റ്റേഷനുകളുടെ പാർക്കിങ്, വെയിറ്റിങ് ഹാൾ നിയന്ത്രണം എന്നിവ കൂടാതെ ഹൗസ്കീപ്പിങ്ങിന്റെ പൂർ

ണ്ണമായ ചുമതലയും കുടുംബശ്രീയ്ക്ക് ലഭ്യമാക്കുന്നതാണ് ഈ പുതിയ പദ്ധതി. 2019 ഏപ്രിൽ മാസം മുതലാണ് ഇത്തരമൊരു മാതൃക പരീക്ഷണാടിസ്ഥാനത്തിൽ കുടുംബശ്രീയും റെയിൽവേയും സംയുക്തമായി ആരംഭിക്കുന്നത്. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിലെ ഹൗസ്കീപ്പിങ്ങിന്റെ പൂർണ്ണ ചുമതല ഇപ്പോൾ കുടുംബശ്രീയ്ക്കാണ്. ഇവിടെ 24 മണിക്കൂറും റെയിൽവേ സ്റ്റേഷൻ വൃത്തിയാക്കാൻ 20 അയൽക്കൂട്ട അംഗങ്ങളും പാർക്കിങ് നിയന്ത്രിക്കാൻ 12 പേരും വെയിറ്റിങ് ഹാൾ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ 6 പേരും പ്രവർത്തിക്കുന്നു എന്നത് സ്ത്രീ ശാക്തീകരണത്തിന്റെ ഒരു മികച്ച ഉദാഹരണമാണ്.

എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ തുടങ്ങിയ ഈ മാതൃക എറണാകുളം നോർത്ത്, ആലുവ, തൃശ്ശൂർ, ചെങ്ങന്നൂർ, ആലപ്പുഴ തുടങ്ങിയ റെയിൽവേ സ്റ്റേഷനുകളിലേക്കും കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ഈ റെയിൽവേ സ്റ്റേഷനുകളിലെ ഹൗസ്കീപ്പിങ്ങിന്റെ പൂർണ്ണ ചുമതല കുടുംബശ്രീയ്ക്കാണ്. ആലപ്പുഴ റെയിൽവേ സ്റ്റേഷനിൽ ഇതിനായി 8 കുടുംബശ്രീ അംഗങ്ങളും ആലുവയിൽ 9 കുടുംബശ്രീ അംഗങ്ങളും പ്രവർത്തിക്കുന്നു. എറണാകുളം നോർത്തിൽ പത്ത് അയൽക്കൂട്ടാംഗങ്ങളും തൃശ്ശൂരിൽ 15 പേരും ചെങ്ങന്നൂരിൽ 16 പേരുമാണ് ശുചിയാക്കൽ ജോലികൾ ചെയ്യുന്നത്. കോൺട്രാക്ടർമാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കി, സ്ത്രീകൾക്ക് മികച്ച തൊഴിലവസരം ഒരുക്കി നൽകുന്നു എന്നതാണ്




ഈ സംയോജന പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം. കുടുംബശ്രീയ്ക്ക് ഇത്തരത്തിലൊരു മികച്ച അവസരം ഒരുക്കി നൽകിയതിന് റെയിൽവേയ്ക്ക് നന്ദി അറിയിക്കുന്നു. മികച്ച സേവനം നിരന്തരം പ്രദാനം ചെയ്യുന്നതിലൂടെ കുടുംബശ്രീയുമായി ചേർന്നുള്ള ഈ സംയുക്ത പദ്ധതിയെ കൂടുതൽ തലങ്ങളിലേക്ക് ഉയർത്താൻ പരിശ്രമിക്കുന്ന ഞങ്ങളുടെ 250 ഓളം വരുന്ന സംരംഭകർക്കും എല്ലാവിധ അഭിനന്ദനങ്ങളും.